നം: ഇ.എക്സ്/എ4/6414/2013/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 695 012
തീയതി: 04/02/2013

# സർക്കുലർ

വിഷയം:-എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2013 - നിരന്തരമൂല്യനിർണ്ണയ സ്കോറുകൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-ഈ ആഫീസിൽ നിന്നുള്ള 17/10/2012-ലെ Ex/CGI(1)/68664/2012-ാം നമ്പർ എസ്.എസ്.എൽ.സി പരീക്ഷാ വിജ്ഞാപനം.

2013 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ നിരന്തര മൂല്യനിർണ്ണയ സ്കോറുകൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും താഴെപറയുന്ന കാര്യങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

1. 2013 മാർച്ചിൽ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ നിരന്തര മൂല്യനിർണ്ണയ സ്കോറുകൾ 06/02/2013-നു മുമ്പായി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്നും അപ്പീലുകൾ ഉണ്ടെങ്കിൽ ആയവ യഥാസമയം തീർപ്പാക്കണമെന്നും എല്ലാ ഹെഡ്മാസ്റ്റർമാർക്കും നൽകിയ നിർദ്ദേശങ്ങൾ നടപ്പാക്കി എന്ന് ഉറപ്പാക്കേണ്ടതാണ്.
2. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറുകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ് സൈറ്റായ http://keralapareekshabhavan.in ഉപയോഗിച്ച് ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്.
3. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും രണ്ട്വീതം സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്ക് (SITC) പരീക്ഷാഭവനിൽ നിന്നും ഓൺലൈൻ C.E. മാർക്ക് എൻട്രിയിൽ പരിശീലനം നൽകുന്നതാണ്. 12/02/2013 രാവിലെ 10 മണിക്ക് എറണാകുളം ഗവ.ഗേൾസ് ഹൈസ്കൂളിൽ വച്ച് നടക്കുന്ന CE Mark Software Training-ൽ പങ്കെടുക്കാൻ രണ്ട് സ്ക്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാരെ (SITC) വീതം തെരഞ്ഞെടുത്ത് നിയോഗിക്കേണ്ടതാണ്.
4. നിരന്തര മൂല്യനിർണ്ണയ സ്കോർ ഓൺലൈൻ എൻട്രിയിൽ ട്രെയിനിംഗ് ലഭിച്ച SITC-മാർ അതതു വിദ്യാഭ്യാസ ജില്ലയിലെ മുഴുവൻ സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാർക്കും ***15/02/2013-ന്*** മുമ്പ് CE Mark Software സംബന്ധിച്ചുള്ള പരിശീലനം നൽകേണ്ടതാണ്. ഹെഡ്മാസ്റ്റർ/ചീഫ് സൂപ്രണ്ടുമാരുടെ മേൽനോട്ടത്തിൽ സ്കോർ എൻട്രി നടത്തുമ്പോൾ സ്കൂളിന്റെ പേരും കുട്ടികളുടെ ബയോഡേറ്റായും ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തി പ്രസിദ്ധീകരിച്ച നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറും പരീക്ഷാഭവന്റെ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യുന്ന നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറും ഒന്നു തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറുകൾ വെബ്സൈറ്റിലേക്ക് എൻട്രി നടത്തുന്നതിന് പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ http://keralapareekshabhavan.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് CE Mark 2013 എന്ന link-ൽ click ചെയ്ത് School Code-ഉം Password-ഉം നൽകി CE Marks എന്ന button click ചെയ്ത് CE Mark Entry നടത്തേണ്ടതാണ്. ***15/02/2013 മുതൽ*** CE Marks Entry ചെയ്ത് തുടങ്ങാവുന്നതാണ്. ***28/02/2013*** വൈകുന്നേരം 5 മണിക്ക് മുമ്പ് മുഴുവൻ പരീക്ഷാർത്ഥികളുടെയും CE Mark Enter ചെയ്ത് തീർക്കേണ്ടതാണ്.

7. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോറുകൾ ഓൺലൈൻ എൻട്രി നടത്തിയ ശേഷം സിസ്റ്റത്തിൽ നിന്നും പ്രിന്റൗട്ട് എടുത്ത് പ്രസിദ്ധീകരിച്ച നിരന്തര മൂല്യനിർണ്ണയ സ്കോറുമായി പരിശോധിച്ച് തെറ്റുകൾ ഒന്നും ഇല്ലെന്ന് ഹെഡ്മാസ്റ്റർ/ചീഫ് സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനു ശേഷം വെബ്സൈറ്റിൽ ***CE Mark Confirm*** ചെയ്യേണ്ടതാണ്. Confirm ചെയ്തു കഴിഞ്ഞാൽ പിന്നെ CE Mark Edit ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതല്ല.

8. ഓൺലൈൻ എൻട്രി നടത്തിയ നിരന്തര മൂല്യനിർണ്ണയ സ്കോറുകളുടെ പ്രിന്റ് ഔട്ട് എടുത്ത് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയതിനുശേഷം പരീക്ഷാഭവനിൽ നിന്നും നൽകുന്ന കവറിൽ സീൽ ചെയ്ത് ***28/02/2013*** വൈകുന്നേരം 5 മണിക്ക് മുമ്പ് അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൽകേണ്ടതാണ്. ഇത് നൽകുമ്പോൾ ചീഫ് സൂപ്രണ്ട്മാർ സി.ഇ. മാർക്കുകളിൽ വ്യത്യാസമില്ലെന്നും അന്തിമമാണെന്നും ഉള്ള ***സർട്ടിഫിക്കറ്റ് കൂടി നൽകേണ്ടതാണ്.***

9. നിരന്തര മൂല്യനിർണ്ണയത്തിന്റെ സ്കോർ അടങ്ങിയ കവറുകൾ ശേഖരിച്ചു കഴിഞ്ഞാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ആയത് ഒറ്റ ബണ്ടിലാക്കി പായ്ക്കു ചെയ്തു വക്കേണ്ടതാണ്. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും CE Mark ബണ്ടിലുകൾ പരീക്ഷാഭവനിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർ വന്ന് ശേഖരിക്കുന്നതാണ്.

11/2/13

സെക്രട്ടറി

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും